പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2000 18.06.2013-ൽ മറുപടിയ്ക്ക്

# ആദിവാസി ഊരുകളിൽ വൈദ്യുതി

| ചോദ്യം<br>ശ്രീ. ഇ. പി. ജയരാജൻ : | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
|---|---|
| (എ) വനാന്തർഭാഗങ്ങളിലെ ആദിവാസി ഊരുകളിൽ വൈദ്യുതി ലൈൻ വലിക്കുന്നതിന് വനം-പരിസ്ഥിതി നിയമങ്ങൾ തടസ്സമായി നിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ആദിവാസി ജനവിഭാഗങ്ങൾക്ക് വൈദ്യുതിയും വെളിച്ചവും നൽകുവാൻ ഇത്തരം നിയമങ്ങളിൽ ഇളവു നൽകുവാൻ എന്തു നടപടിയാണു സ്വീകരിച്ചിട്ടുള്ളത്; | (ബി) ഇളവ് നൽകാൻ മിനിസ്ട്രി ഓഫ് ട്രൈബൽ വെൽഫെയർ 2008 മെയ് 18-ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ഒരു ഹെക്ടർ വനഭൂമി വനേതര പ്രവർത്തനങ്ങൾക്കായി (ആദിവാസി ഊരുകളിൽ വൈദ്യുതി എത്തിക്കുന്നതിന്) ഉപയോഗിക്കുമ്പോൾ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്ക് താഴെപ്പറയുന്ന ഉപാധികളോടെ അനുമതി നൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്.<br>1. ഒരു ഹെക്ടർ വനഭൂമിയിൽ 75 ൽ താഴെ മരങ്ങൾ മാത്രമേ മുറിക്കുവാൻ പാടുള്ളൂ.<br>2. പ്രസ്തുത വനഭൂമി വനേതര പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാൻ ബന്ധപ്പെട്ട ഗ്രാമസഭ ശുപാർശ ചെയ്തിരിക്കണം.<br>3. വനേതര പ്രവർത്തനങ്ങൾ നടപ്പാക്കുന്ന ഉപഭോക്താവ് ഫോറസ്റ്റ് കൺസർവേഷൻ ആക്ടിലെ ' ഫോറം എ' ൽ അപേക്ഷ സമർപ്പിക്കണം.<br>4. പ്രസ്തുത ഉത്തരവ് 1 ഹെക്ടർ വനഭൂമി വനേതര പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുമ്പോൾ മാത്രമേ ബാധകമുള്ളൂ. |
| (സി) ഇത്തരം തടസ്സങ്ങൾ ഒഴിവാക്കുന്നതിനായി പ്രസ്തുത സ്ഥലങ്ങളിൽ അണ്ടർഗ്രൗണ്ട് കേബിളുകളിലൂടെ വൈദ്യുതി എത്തിക്കുവാനുള്ള നടപടി സ്വീകരിക്കുമോ? | (സി) നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.